പുറമെ 26-6-2012-ലെ 4895/എ.ആർ. 12(1)/2012/ ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം ഇനിയും പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാനുള്ള സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ അടിയന്തരമായി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സേവന രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ എല്ലാ സർക്കാർ ഓഫീസുകളെയും ഉൾപ്പെടുത്തി ജനകീയ സമിതികൾക്ക് രൂപം നൽകുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പൊതുഭരണവകുപ്പിലെ ജോലിഭാരം

11 (1714) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പൊതുഭരണ വകുപ്പിലെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ആയതിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക അനുവദിച്ച് ജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുമോ ?

ഉത്തരം

പൊതുഭരണ വകുപ്പിൽ പ്രവൃത്തി പഠനം നടത്തിയിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുഭരണ സെക്രട്ടേറിയറ്റിലെ വിനോദസഞ്ചാരം, പൊതുവിദ്യാഭ്യാസം, നോർക്ക, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിപഠനത്തിന്റെ അടിസ്ഥാനത്തിൽ അധിക തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

## സേവനാവകാശ നിയമം നടപ്പിൽ വരുത്തുന്നതിലെ കാര്യക്ഷമത

12 (1715) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ അത് കാര്യക്ഷമമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) അതിലെ വീഴ്ചകൾ പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങളുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly